നടന്നിട്ടില്ല. ആയതിനാൽ അപകട കാരണം വാഹനമോടിച്ചയാളിന്റെ അനാസ്ഥ കൊണ്ടാണെന്നും റോഡിന്റെ സുരക്ഷാ വീഴ്ചകൊണ്ടല്ലെന്നും മനസ്സിലാക്കാവുന്നതാണ്.

(ഡി) അപകടം നടന്ന സ്ഥലം ദേശീയ പാത 47-ന്റെ ഭാഗമാണ്. പ്രസ്തുത റോഡിന്റെ പരിപാലനം ദേശീയ പാത അതോറിറ്റിയാണ് നടത്തുന്നത്. അപകടത്തിനു ശേഷം ദേശീയ പാത അതോറിറ്റി അപകട സ്ഥലത്ത് കോൺക്രീറ്റ് കാലുകൾ സ്ഥാപിച്ചിട്ടുണ്ട്. അപകടത്തെ തുടർന്ന് മോട്ടാർ വാഹന വകുപ്പ് വാഹന പരിശോധന കർശനമാക്കുകയും മുടങ്ങാതെ ട്രാഫിക് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

(ഇ) 8-12-2015 ലെ ജി.ഒ.(എം.എസ്.) നം. 652/15/റവ പ്രകാരം മരണമടഞ്ഞ ഇസ്ഹാക്കിന്റെ മകൻ ഇജാസിന്റെ തുടർ വിദ്യാഭ്യാസത്തിനും മറ്റ് കാര്യങ്ങൾക്കുമായി അഞ്ച് ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്.

**വാഹനങ്ങൾക്ക് അധിക നികുതി**

**325 (3837)** ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും കർണ്ണാടകയിലേക്ക് പ്രവേശിക്കുന്ന വാഹനങ്ങൾക്ക് ഇപ്പോൾ എത്ര രൂപയാണ് അധിക നികുതിയായി ഈടാക്കുന്നത്; കർണ്ണാടകയിൽ നിന്നും കേരളത്തിൽ എത്തുന്ന വാഹനങ്ങൾക്ക് എത്ര രൂപയാണ് അധിക നികുതിയായി ഈടാക്കുന്നത്;

(ബി) കർണ്ണാടകയിലേക്ക് പ്രവേശിക്കുന്നതിന് അധിക നികുതി ഈടാക്കുന്നതിനാൽ മംഗലാപുരത്തും, മണിപ്പാലിലും , ബംഗളൂരുവിലിലും ചികിത്സയ്ക്ക് രോഗികളെയും കൊണ്ട് പോകുന്ന വാഹനങ്ങൾ വലിയ വാടക ഈടാക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് നികുതി കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളത്തിൽ നിന്നും കർണ്ണാടകത്തിലേയ്ക്ക് പ്രവേശിക്കുന്ന വിവിധ തരം വാഹനങ്ങൾക്ക് ഇപ്പോൾ കർണ്ണാടക സർക്കാർ ഒരു വർഷത്തെ ടാക്സാണ് ഈടാക്കുന്നത്. കർണ്ണാടകയിൽ നിന്നും കേരളത്തിലേയ്ക്ക് സ്പെഷ്യൽ പെർമിറ്റ് എടുത്ത് വരുന്ന വിവിധ തരം വാഹനങ്ങൾക്ക് 7 ദിവസത്തേയ്ക്ക് അത്തരം



LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങളുടെ കേരളത്തിലെ ത്രൈമാസ നികുതിയുടെ പത്തിൽ ഒന്ന് ഭാഗവും ഒരു മാസത്തേയ്ക്ക് ത്രൈമാസ നികുതിയുടെ മൂന്നിൽ ഒന്ന് ഭാഗവും കേരളത്തിൽ ഈടാക്കുന്നു.

(ബി) 22-9-2014-ൽ കേരള സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രിയും കർണ്ണാടക സംസ്ഥാന ഗതാഗത മന്ത്രിയും വകുപ്പ് മേധാവികളും ഈ വിഷയത്തിൽ ചർച്ച നടത്തിയിരുന്നു. ഓരോ സംസ്ഥാനത്തേയും മോട്ടോർ വാഹന നികുതി നിർണ്ണയിക്കുന്നതിന് അതതു സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. കൂടാതെ കർണ്ണാടക സർക്കാർ തീരുമാനിച്ചിരിക്കുന്ന നികുതി ഘടന കർണ്ണാടക ഹൈക്കോടതി അംഗീകരിക്കുകയുണ്ടായി. കർണ്ണാടക സർക്കാർ നികുതി ഘടനയിൽ മാറ്റം വരുത്തിയാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ളൂ.

## സപ്ലിമെന്റേഷൻ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്താനുള്ള തീരുമാനം

**326 (3838)** ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലിമെന്റേഷൻ റൂട്ടുകളിൽ ഓടിക്കൊണ്ടിരുന്ന സ്വകാര്യ ബസ്സുകൾ നിർത്തലാക്കി ആ റൂട്ടുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത് സർവ്വീസ് നടത്താനുള്ള തീരുമാനം റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം റദ്ദാക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സൂപ്പർ ക്ലാസ്സ് ദേശസാൽകൃത ഉത്തരവ് പ്രകാരം ഏറ്റെടുത്തിട്ടുള്ള സർവ്വീസുകൾ എത്ര; പ്രസ്തുത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. ബാധകമല്ല.

(ബി) 185 റൂട്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ഈ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly